# കേരള സർക്കാർ
## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3141

2016 ഫെബ്രുവരി 24-ലെ മറുപടിയ്ക്ക്

### <u>ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ ധനകാര്യ വിഭാഗത്തിന്റെ പരിശോധന</u>

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | ഉത്തരം<br>ബഹു. മുഖ്യമന്ത്രി |
|---|---|
| **(എ)** ധനകാര്യ പരിശോധനാ വിഭാഗം ഏതെങ്കിലും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അത് ഏതെല്ലാം ജില്ലകളിലെന്ന് വ്യക്തമാക്കുമോ; | ഉണ്ട്, മലപ്പുറം, വയനാട്, കാസറഗോഡ് ജില്ലകളിലാണ് പരിശോധന നടത്തിയത്. |
| **(ബി)** പരിശോധന നടന്ന ഓഫീസുകളിൽ സാമ്പത്തിക ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും ശിക്ഷാ നടപടികൾ ശിപാർശ ചെയ്തിട്ടുണ്ടോ; | ഉണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെ അച്ചടി ജോലികൾ ഒരു ഏജൻസിക്കു നൽകിയത്, വർക്ക് ഓർഡർ കൊടുത്ത എണ്ണത്തിൽ നിന്നും കുറവായി അച്ചടിച്ചത്, കണക്കിൽപ്പെടാത്ത പണം ഓഫീസിൽ സൂക്ഷിച്ചത് എന്നീ ക്രമക്കേടുകളാണ് മലപ്പുറം ജില്ലയെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വയനാട്, കാസറഗോഡ് ജില്ലകളിൽ നടത്തിയ പരിശോധന പൂർത്തിയായിട്ടില്ല. |
| **(സി)** പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ. റിപ്പോർട്ടിന്റെ അംഗീകാരത്തിനു വിധേയമായി മാത്രമേ ഉദ്യോഗസ്ഥർ ക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

| | |
|---|---|
| **(ഡി)** പ്രസ്തുത ഓഫീസുകളിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ പ്രവർത്തികൾ ചെയ്തത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | മലപ്പുറം ജില്ലാ ഇൻഫർമേഷൻ ഓഫീസിനെ സംബന്ധിക്കുന്ന റിപ്പോർട്ടിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ പ്രവർത്തികൾ ചെയ്തത് സംബന്ധിച്ച ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ പരിശോധന നടത്തുവാൻ ധനകാര്യ പരിശോധനാ വിഭാഗത്തിൽ നിന്നും നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**